കൊപ്രയ്ക്ക് കിട്ടുന്നതിനും അത്യാവശ്യത്തിന് ആവശ്യമായിട്ടുള്ള നല്ല രീതിയിലുള്ള കൊപ്ര ഉൽപ്പാദിപ്പിക്കുന്നതിനും ഇതിൽ നിന്നും ചിപ്സുണ്ടാക്കുന്നതിനും, കേരളത്തിന്റെ തീരദേശത്താണ് ഏറ്റവും ഓയിൽ കണ്ടന്റുള്ള നാളികേരം ലഭിക്കുന്നത്. അതുകൊണ്ട് എറണാകുളം ജില്ലയിലും, തൃശ്ശൂർ ജില്ലയിലും, കോഴിക്കോട് ജില്ലയിലും ഒരു ദിവസം അമ്പതിനായിരം നാളികേരം വീതം കൊപ്രയാക്കി മാറ്റാൻ കഴിയുന്ന മൂന്ന് കൊപ്രാ പ്രോസസ്സിംഗ് യൂണിറ്റുകൾ സ്ഥാപിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരികയാണ്. അതിന്റെ സ്ഥലമെടുപ്പും മറ്റുനടപടികളുമെല്ലാം മുന്നോട്ട് പോകുകയാണ്. തെങ്ങ് കൃഷിയേയും കേര കർഷകരേയും, കേരളത്തിന്റെ സമ്പദ്ഘടനയേയും സംരക്ഷിക്കുന്നതിനുവേണ്ടി സംസ്ഥാന ഗവൺമെന്റിന് ചെയ്യാൻ കഴിയുന്നിടത്തോളം കാര്യങ്ങൾ ചെയ്തു വരുന്നുണ്ട്. ഈ പ്രശ്നങ്ങൾ കേന്ദ്ര ഗവൺമെന്റിന്റെ ശ്രദ്ധയിൽ കൊണ്ടുവരുന്നതിനും സപ്പോർട്ട് പ്രൈസ് പ്രഖ്യാപിക്കുന്നതിനാവശ്യമായ സമ്മർദ്ദം ചെലുത്തുന്നതിനും സംസ്ഥാന സർക്കാർ തയ്യാറാണ്.

<u>ശ്രീ. സി.പി. ബാലൻ വൈദ്യർ</u> : സർ, വെളിച്ചണ്ണയ്ക്കെതിരെ നടത്തുന്ന തെറ്റായ പ്രചരണം അവസാനിപ്പിച്ച് ഉത്തരേന്ത്യൻ മേഖലയിലടക്കം വെളിച്ചെണ്ണയ്ക്ക് കൂടുതൽ മാർക്കറ്റുണ്ടാക്കാനുള്ള നടപടികൂടി ഇതിന്റെ ഭാഗമായി ഗവൺമെന്റ് സ്വീകരിക്കുമോ?

കൃഷി വകുപ്പുമന്ത്രി <u>(ശ്രീ. കൃഷ്ണൻ കണിയാംപറമ്പിൽ)</u> : സർ, നമ്മുടെ സംസ്ഥാനത്ത് മാത്രമാണ് വെളിച്ചെണ്ണ ഭക്ഷ്യയെണ്ണയായി ഉപയോഗിക്കുന്നത്. ഇവിടത്തന്നെ നല്ലതുപോലെ പ്രചരണം സംഘടിപ്പിച്ചതിന്റെ ഫലമായിട്ടാണ് നമ്മുടെ ആഭ്യന്തര ഉപയോഗം നല്ലയളവിൽ വർദ്ധിപ്പിക്കുവാൻ സാധിച്ചത്. മറ്റ് സംസ്ഥാനങ്ങളിൽ വെളിച്ചെണ്ണയുടെ ഗുണമേന്മയെക്കുറിച്ച് പ്രചരിപ്പിക്കുവാനും ജനങ്ങളിൽ പുതിയ അവബോധമുണ്ടാക്കുന്നതിനും നാളികേര വികസന ബോർഡും, കേരഫെഡും, സംസ്ഥാന ഗവൺമെന്റും ആവുന്നത്ര പ്രചരണ പരിപാടികൾ സംഘടിപ്പിക്കുന്നുണ്ട്.

IV. സബ്മിഷൻ

(1) പാലക്കാട് ജില്ലയിലെ സ്വകാര്യ ബ്ലേഡ് കമ്പനിക്കാരുടേയും വട്ടിപ്പലിശക്കാരുടേയും ക്രൂര നടപടികൾ

<u>ശ്രീ. എം. നാരായണൻ (കുഴൽമന്ദം)</u> : സർ, സ്വകാര്യ ബ്ലേഡ് കമ്പനികളുടേയും വട്ടിപ്പലിശക്കാരുടേയും ക്രൂരനടപടികൾക്കെതിരെ ശിക്ഷണ നടപടികൾ സ്വീകരിക്കണമെന്നുള്ളതാണ് എന്റെ സബ്മിഷൻ. നമ്മുടെ സംസ്ഥാനത്ത് പൊതുവെയും പാലക്കാട് ജില്ലയിൽ പ്രത്യേകിച്ചും ഇവരുടെ ഉപദ്രവം കൂടിക്കൊണ്ടിരിക്കുകയാണു. അത്യാവശ്യ കാര്യങ്ങൾക്കും കച്ചവടങ്ങൾക്കും മറ്റും ബാങ്കിംഗ് മേഖലയെ സമീപിക്കുമ്പോൾ അവിടത്തെ നിയമ നൂലാമാലകളാണ് അവരെയൊക്കെ ഇവിടെ വരാനും പ്രേരിപ്പിക്കുന്ന പ്രധാനപ്പെട്ട കാരണം. അവരാണ് ഇവരുടെ പ്രധാന ഇരകൾ. ബ്ലാങ്ക് സ്റ്റാംപ് പേപ്പറിൽ ഒപ്പിട്ടുവാങ്ങി ധാരാളം പണം കൊടുക്കുന്നു. കൃത്യസമയത്ത് പലിശയോ മുതലോ കൊടുക്കാതെ വന്നാൽ ഈ സ്ഥാപനത്തിൽ തന്നെ ധാരാളം ഗുണ്ടകളുണ്ട്. ഈ ഗുണ്ടകളെ പറഞ്ഞുവിട്ട് വാഹനം പിടിച്ചെടുക്കുകയും, പൈസ വാങ്ങിയവരുടെ വീടുകൾ കയറിയിട്ട് സ്ത്രീകളെ ചോദിക്കുകയാണ്. പൈസ തന്നില്ലെങ്കിൽ സ്ത്രീകളെ വേണം, പലിശ മുതലാക്കിക്കൊള്ളാമെന്ന രൂപ

LIBRARY ARCHIVES Kerala Legislative Assembly

ത്തിൽ, നമ്മുടെ സംസ്ക്കാരത്തിനുതന്നെ യോജിക്കാത്ത രീതിയിലാണ് നടക്കുന്നത്. പാലക്കാട് ജില്ലയിൽ കഴിഞ്ഞ നാല് മാസത്തിനുളളിൽ നാല് ആളുകൾ എഴുതിവച്ച് ആത്മഹത്യ ചെയ്തു. ആ രൂപത്തിൽ ബ്ലേഡ് കമ്പനിക്കാരേയും അവരുടെ ഗുണ്ടകളുടേയും അക്രമം സഹിക്കവയ്യാതെ ആത്മഹത്യചെയ്യുകയോ നാടുവിടുകയോ ചെയ്യുന്നു. ഈ നാല് ആളുകളും പോലീസ് സ്റ്റേഷനിൽ പരാതി കൊടുത്തു. അതിന് യാതൊരു നടപടിയും പോലീസ് എടുക്കുന്നില്ല. പലിശ വാങ്ങുന്ന ബ്ലേഡുകാരിൽ നിന്നും കമ്മീഷൻ വാങ്ങുന്ന പോലീസുകാരുമുണ്ട്. പരാതി കിട്ടുന്നതിനനുസരിച്ച് കർശനമായ നടപടി പോലീസ് സ്റ്റേഷനുകളിലെടുക്കുന്നതിന് വേണ്ട നിർദ്ദേശം ബഹുമാനപ്പെട്ട മുഖ്യമന്ത്രി കൊടുക്കണമെന്ന് അഭ്യർത്ഥിക്കുകയാണ്.

മുഖ്യമന്ത്രി (ശ്രീ. ഇ.കെ. നായനാർ) : സർ, പാലക്കാട് ജില്ലയിൽ അധിക പലിശ വാങ്ങി പണം കടം കൊടുക്കുന്ന സ്വകാര്യ പണമിടപാട് സ്ഥാപനങ്ങൽ പ്രവർത്തിക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഇതു സംബന്ധിച്ച് ലഭിക്കുന്ന പരാതികളിൽമേൽ അന്വേഷണം നടത്തി നടപടികൾ സ്വീകരിക്കാറുണ്ട്. പാലക്കാട് അമൃത ജുവലറി ഉടമ ശ്രീ. ശിവപ്രസാദ് അമിതമായി പലിസ ഈടാക്കുന്നു എന്നുള്ള ജലാവുദ്ദീന്റെ പരാതിയിൽമേൽ 16.8.1999-ന് പാലക്കാട് ടൗൺ സൗത്ത് പോലീസ് സ്റ്റേഷനിൽ ക്രൈം 74/2000 നമ്പരായി ഒരു കേസ് രജിസ്റ്റർ ചെയ്ത് അന്വേഷണം നടത്തിവരുന്നു. സ്വകാര്യ പണമിടപാട് കമ്പനികളുടെ നിയമരഹിതമായ പ്രവർത്തനങ്ങളെ സംബന്ധിച്ച് വ്യക്തമായ പരാതി ലഭിച്ചാൽ അതിൻമേൽ ആവശ്യമായ നടപടി സ്വീകരിക്കുന്നതാണ്.

(2) കട്ടപ്പനയിൽ വട്ടക്കാവുങ്കൽ ജോർജ്ജ് മാത്യുവിന്റെ ദുരൂഹമരണം

ശ്രീ. പി.പി. സുലൈമാൻ റാവുത്തർ : സർ. എന്റെ നിയോജകമണ്ഡലത്തിൽപ്പെട്ട കട്ടപ്പന ആൽവിൻ വക്കച്ചൻ എന്നു വിളിക്കുന്ന ജോർജ്ജ് മാത്യു ഫെബ്രുവരി 19-ന് ദുരൂഹമായ സാഹചര്യത്തിൽ മരണപ്പെട്ട സംഭവമാണ് എനിക്ക് ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ ശ്രദ്ധയിലും ഈ സഭയുടെ ശ്രദ്ധയിലും കൊണ്ടുവരാനുള്ളത്. ഒരു നാട്ടിലും നടക്കാൻ പാടില്ലാത്ത വിസ്മയജനകമായ ദുരൂഹതകൾ ചൂഴ്ന്നുനിൽക്കുന്ന ദാരുണമായ സംഭവമാണ് കട്ടപ്പനയിൽ ഉണ്ടായത്. ആൽവിൻ ഹോം സയൻസ് ഇൻസ്റ്റിറ്റ്യൂട്ടിൽ ബ്യൂട്ടി പാർലർ നടത്തിയിരുന്ന വക്കച്ചന് മദ്യ വ്യവസായവുമായും സ്വകാര്യ പണമിടപാട് സ്ഥാപനങ്ങളുമായും ബന്ധം ഉണ്ടായിരുന്നു. വക്കച്ചന്റെ ഭാര്യ ആലീസ് കുഴിത്തുളു ദീപാ ഹൈസ്ക്കൂളിലെ അദ്ധ്യാപികയും ആൽവിൻ, അനു എന്നിവർ മക്കളുമാണ്. മദ്യ വ്യവസായവും സ്വകാര്യ പണമിടപാടുമായും ബന്ധപ്പെട്ട് വക്കച്ചന്റെ പങ്കാളിയായ പുത്തൻപുരയ്ക്കൽ സുധാകരന്റെ കട്ടപ്പനയിലുള്ള വീട്ടിൽനിന്ന് ആശുപത്രിയിലേയ്ക്ക് കൊണ്ടുപോകുന്ന വഴിയാണ് വക്കച്ചൻ മരണമടഞ്ഞത്. സുധാകരൻ തന്നെ അപായപ്പെടുത്താൻ സാദ്ധ്യതയുണ്ടെന്നു പറഞ്ഞുകൊണ്ട് വക്കച്ചൻ എഴുതിയതായി കരുതപ്പെടുന്ന രണ്ട് കത്തുകൾ കണ്ടെടുത്തിട്ടുണ്ട്. വക്കച്ചൻ കൊല ചെയ്യപ്പെട്ടതാണെന്ന് കുടുംബാംഗങ്ങളും കട്ടപ്പന നിവാസികളും ബലമായി വിശ്വസിക്കുകയാണ്. ലോക്കൽ പോലീസിൽനിന്ന് നിഷ്പക്ഷവും നീതിപൂർവകവുമായ അന്വേഷണം ജനങ്ങൾ പ്രതീക്ഷിക്കുന്നില്ല. വക്കച്ചന്റെ ഭാര്യ ആലീസ് ബഹുമാനപ്പെട്ട മുഖ്യമന്ത്രിയെ കണ്ട് ദു:ഖം അറിയിക്കുകയും പരാതി നൽകുകയും ചെയ്തു. ഇന്ന് ആ കുടുംബം വളരെ ദു:ഖം അനുഭവിക്കുകയാണ്. ആ നാട് ഏറ്റവും വലിയ

LIBRARY ARCHIVES Kerala Legislative Assembly